**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6155** **17-03-2023 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി മണ്ണ് കടത്തിയതിന് എതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട് പഞ്ചായത്ത് ഒന്നാം വാർഡിൽ ആരെങ്കിലും പെർമിറ്റ് നൽകിയതിലും അധികമായി മണ്ണ് കടത്തിയതായി ജിയോളജി വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ശ്രീ.ഫെബിൻ.പി.മൂസ, സെക്രട്ടറി, ഡി.വൈ.എഫ്.ഐ, മൂവാറ്റുപുഴ ബ്ലോക്ക് കമ്മിറ്റി എന്നവർ എറണാകുളം ജില്ലാ മൈനിംഗ് & ജിയോളജി ഓഫീസിൽ ഒരു പരാതി നൽകിയിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട് വില്ലേജിൽ കല്ലൂർക്കാട് കരയിൽ സർവ്വേ നമ്പർ 298/4 ൽ ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ. ഷിജു ജോർജ്, കൊച്ചുമറ്റം, എറണാകുളം ജില്ലാ ജിയോളജി ഓഫീസിൽ അപേക്ഷ സമർപ്പിച്ചതനുസരിച്ച് 05/10/2021 ന് എറണാകുളം ജില്ലാ ഓഫീസിൽ നിന്നും സ്ഥലപരിശോധന നടത്തി 5306 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് 04/05/2022 മുതൽ 17/05/2022 വരെ കാലാവധിയോട് കൂടി അനുമതി നൽകിയിരുന്നു. തുടർന്ന് 18/01/2023 ൽ സ്ഥല പരിശോധന നടത്തിയതിൽ അനുവദിച്ച അളവിനേക്കാളും 2734 മെട്രിക് ടൺ മണ്ണ് അധികം നീക്കം ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷിജു ജോർജിന് 24/01/2023 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ണെടുക്കുന്നതിനുള്ള പെർമിറ്റും ദുരുപയോഗവും സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ വിശദമാക്കാമോ; | (സി) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരമാണ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണെടുത്ത് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകി വരുന്നത്. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(4), 14(5), 108(2) എന്നിവ പ്രകാരമാണ് അനുമതിയുടെ ദുരുപയോഗം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പെർമിറ്റ് ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നിയമാനുസൃതമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഡി) | അനധികൃതമായി മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തി ശ്രദ്ധയിൽപ്പെട്ടാൽ ടി പ്രവർത്തിക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി വിശദീകരണം ലഭ്യമാക്കി ആയതു തൃപ്തികരമല്ലാത്ത പക്ഷം, ഡിമാന്റ് നോട്ടീസ് നൽകി മേൽ വിവരിച്ച ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കി വരുന്നതും ആയതു ഒടുക്കാത്ത പക്ഷം തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ

ബഹുമാനപ്പെട്ട എറണാകുളം മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ജില്ലാ ഓഫീസർ മുമ്പാകെ ബോധിപ്പിക്കുന്നത്....

Sir :

ഇന്നലെ പോത്താനിക്കാട് പ്രദേശത്ത് മൂവാറ്റുപുഴ എംഎൽഎ മാത്യു കുഴൽനാടന്റെ വീടിന് സമീപം എംഎൽഎയുടെ നേതൃത്വത്തിൽ 50 സെന്റ് നിലം വ്യാപകമായി നികത്തുന്ന പ്രവർത്തി നടന്നതായി കാണുന്നു. കല്ലൂർക്കാട് പ്രദേശത്തുനിന്ന് പെർമിറ്റ് അനുവദിച്ച മണ്ണാണ് എംഎൽഎയുടെ പേരിൽ ഈ പ്രദേശത്തെ നികത്തൽ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചത്.
എന്നാൽ അനുമതിയുള്ള ഈ പ്രദേശത്തു നിന്ന് അനുവദിച്ച മണ്ണിന്റെ അളവ് 482 മെട്രിക് ടൺ ആണ്.. നിലവിൽ അനുവദിച്ചതിന്റെ 10 ഇരട്ടിയിൽ അധികം മണ്ണ് പ്രദേശത്തുനിന്ന് നീക്കം ചെയ്തതായി കാണുന്നു.. അത്തരത്തിൽ അനുവദിച്ചതിൽ കുടുതൽ മണ്ണ് അനധികൃതമായിട്ടാണ് എംഎൽഎയുടെ പേരിലുള്ള പാസിലേക്ക് നിക്ഷേപിച്ചത്.

ഈ പ്രവർത്തനങ്ങൾക്കെതിരെ കർശന നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു....

വിശ്വസ്തതയോടെ
സെക്രട്ടറി.
ഫെബിൻ പി മൂസ-
ഡിവൈഎഫ്ഐ മുവാറ്റുപുഴ ബ്ലോക്ക് കമ്മിറ്റി.
Phone - 9747911420

With Revolutionary Greetings,
CPI(M) Muvattupuzha Area Committee,
Esthose Bhavan - Muvattupuzha,
Email : esthosebhavan@gmail.com
Mob : 95623 78745 Off : 0485 2832636.


Petition against unlegal - mining in Kalloorkkad panchayath.



Generated from eOffice by SMITHA T V, M3 DMG, M3 DMG, DMG on 12/03/2023 08:22 PM






MUVATTUPUZHA



